I ഇ.ബി. XIII-കേരള നിയമസഭ/XVI-6

പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഫെബ്രുവരി 12, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## ധനകാര്യം

## 2016-2017 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റേയും വോട്ട് ഓൺ അക്കൗണ്ടിന്റേയും അവതരണം

(ബഡ്ജറ്റ് അവതരണത്തിനായി ബഹുമാനപ്പെട്ട സ്പീക്കർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ക്ഷണിച്ചപ്പോൾ അഴിമതി മന്ത്രിസഭ രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുകയും പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും ചെയ്തു. ബഡ്ജറ്റ് പ്രസംഗത്തിനിടയിൽ മുദ്രാവാക്യം മുഴക്കിക്കൊണ്ട് അവർ പ്രധാന കവാടത്തിലൂടെ സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)

മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചശേഷം 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചു.

(രാവിലെ 9.02-ന് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.54-ന് പൂർത്തിയാക്കി.)

2016-17 സാമ്പത്തിക വർഷത്തെ ഏപ്രിൽ മുതൽ നാലു മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കുകയും 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷത്തെ Medium Term Fiscal Policy Statement-ഉം Strategy Statement-ഉം Medium Term Fiscal Plan-ഉം മേശപ്പുറത്തുവയ്ക്കുകയും ചെയ്തു.

<u>മി. സ്പീക്കർ</u>: കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും ദീർഘമായ ബഡ്ജറ്റ് പ്രസംഗമാണ് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത്. ഇതിനായി അദ്ദേഹം രണ്ട് മണിക്കൂർ അമ്പത്തിനാല് മിനിട്ട് എടുത്തു. 2012-ൽ ബഹുമാന്യനായ മാണി സാർ രണ്ട് മണിക്കൂർ അമ്പത് മിനിട്ടാണ് ബഡ്ജറ്റ് പ്രസംഗത്തിനായി എടുത്തത്. ഇന്ന് നാല് പേജ് വായിക്കാതെ തന്നെ ആ റെക്കാർഡ് മറികടന്നിരിക്കുകയാണ്.

ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും

പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സ് അംഗങ്ങൾക്ക് എം.എൽ.എ. ഹോസ്റ്റലിലെ അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്. മാധ്യമ പ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്കുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ 407-ാം നമ്പർ മുറിയിൽ നിന്നും ലഭിക്കുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.57-ന് പിരിഞ്ഞു.

****************